## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :4186 12.11.2019-ലെ മറുപടിക്ക്

### നിസ്സാൻ ഡിജിറ്റൽ ഹബ്ബ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) നിസ്സാൻ കമ്പനി കേരളത്തിൽ ഡിജിറ്റൽ ഹബ്ബ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത കരാറിൽ ഒപ്പിട്ടതെന്നും അതിനുശേഷം ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) കേരളത്തിൽ ഡിജിറ്റൽ ഹബ്ബ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന് വേണ്ടി ടെക്നോപാർക്കും നിസ്സാനുമായി 28-6-2018 ൽ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. നിസ്സാനുവേണ്ടി അനുവദിച്ച ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ബി) നിസ്സാൻ കമ്പനിക്ക് എവിടെയാണ് സ്ഥലം അനുവദിച്ചത്; അനുവദിച്ച സ്ഥലത്തിന് പകരം കിൻഫ്ര പാർക്കിൽ അവർ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആവശ്യം അനുവദിച്ചിട്ടുണ്ടോ; | (ബി) നിസ്സാൻ കമ്പനിക്ക് ടെക്നോപാർക്കിന്റെ പള്ളിപ്പുറം ടെക്നോസിറ്റി പദ്ധതിയിലാണ് പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമി അനുവദിക്കാൻ ധാരണയായത്. കൂടാതെ നിസ്സാൻ ഡിജിറ്റൽ ഹബ്ബിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കായി<br>ടെക് നോപാർക്കിന്റെ മൂന്നാം ഘട്ടത്തിലെ ഗംഗ - യമുന കെട്ടിട സമുച്ചയത്തിൽ 25034 ച.അടി സ്ഥലവും നൽകിയിട്ടുണ്ട്.<br>നിസ്സാൻ കമ്പനിക്ക് അവരുടെ സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് കഴക്കൂട്ടത്തുള്ള കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിലുള്ള ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖലയിലുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിൽ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു. |

| | |
|---|---|
| (സി) സ്ഥലത്തിനു പുറമെ പ്രസ്തുത കമ്പനി എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചത്; അതിന്മേലുള്ള നടപടികൾ എന്തൊക്കെയാണ്; | (സി) സ്ഥലത്തിനു പുറമേ സാമ്പത്തിക ഇൻസെന്റീവായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ ഒഴിവാക്കൽ, നിസ്സാന്റെ സ്വന്തം സംവിധാനം നിർമ്മിച്ചു കഴിയുന്നതുവരെ താൽക്കാലിക സൗകര്യം ലഭ്യമാക്കൽ, ഐ.ടി പ്രദേശത്ത് പോലീസ് പെട്രോളിംഗ് വർദ്ധിപ്പിച്ച് ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കൽ, സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ, ട്രാൻസ്പോർട്ടേഷൻ ഇൻഫ്രാസ്ട്രക്ച്ചർ എന്നിവ വികസിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ കമ്പനി ഉന്നയിച്ചിട്ടുണ്ട്.<br>നിസ്സാന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവയിൽ 100% ഇളവ് നല്കിയിട്ടുണ്ട്. നിസ്സാന്റെ സ്വന്തം ക്യാമ്പസ് കെട്ടിടം വരുന്നതുവരെ നിസ്സാന്റെ 'കസ്റ്റമർ എക്സ്പീരിയൻസ് സെന്റർ' പ്രവർത്തിക്കാൻ യമുന ബിൽഡിംഗിൽ 27000 ച.അടി സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്രധാന സ്ഥലങ്ങളിൽ പോലീസ്, ഫയർ, ആംബുലൻസ് സംവിധാനങ്ങളൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടെക്നോസിറ്റിയിൽ ഒരു 'വാക് ടു വർക്ക്' സംവിധാനത്തിൽ സ്കൂൾ, ഷോപ്പിംഗ് മാൾ, ഹോട്ടൽ, ക്ലിനിക്ക് എന്നിവ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും, ദേശീയ അന്തർദേശീയ വിമാന സർവ്വീസുകൾ കൂടുതലായി വേണമെന്ന പ്രസ്തുത കമ്പനിയുടെ ആവശ്യം കേന്ദ്ര ഏവിയേഷൻ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്താണ്; | (ഡി) നിസാന്റെ അഭ്യർത്ഥന കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ടോക്കിയോ, സിംഗപ്പൂർ, ബാങ്കോക്ക് തുടങ്ങിയ സ്ഥലങ്ങളിലേക്ക് വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 10.08.2019 ൽ ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര വ്യോമയാന സെക്രട്ടറി, വിവിധ എയർലൈൻ ഓപ്പറേറ്റർമാർ എന്നിവരുമായി 31.08.2019-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂറോപ്പ്, യു.കെ, യു.എസ്, ജപ്പാൻ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും |

| | |
|---|---|
| | വിമാന സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അനുകൂല തീരുമാനം കൈക്കൊള്ളുമെന്ന് കരുതുന്നു. 31.08.2019 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂറോപ്പ്, യു.കെ , ജപ്പാൻ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും വിമാന സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) നിസ്സാൻ നോളേജ് സിറ്റിയിൽ എത്ര പേർക്ക് ജോലി ലഭിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ? | (ഇ) നിസ്സാൻ നോളേജ് സിറ്റിയിൽ ആദ്യ മൂന്ന് വർഷത്തിനുള്ളിൽ ഏകദേശം 3000 പേർക്ക് നേരിട്ട് ജോലി ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**